"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് -സേഫ് കേരള പദ്ധതി-Fully Automated Enforcement System- M/S KELTRON ന് ആദ്യ ത്രൈമാസ ഗഡുവായി **9,39,48,820 രൂപ** അനുവദിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഗതാഗത (ഡി ) വകുപ്പ്

സ.ഉ.(സാധാ) നം.5/2024/TRANS തീയതി,തിരുവനന്തപുരം, 03-01-2024

---

പരാമർശം:-
1. സ .ഉ (കൈ )26 / 2023 / ട്രാൻസ് ,തീയതി 18/04/2023
2. ബഹു .കേരള ഹൈക്കോടതിയുടെ W.P(C).19992/2023 മേലുള്ള 18-09-2023 ലെ ഇടക്കാല ഉത്തരവ്.
3. ഗതാഗത കമ്മിഷണറുടെ 30/11/2023,08/12/2023 , 22/12/2023 എന്നീ തീയതികളിലെ E1/37/2019/TC നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കി വരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള 'സേഫ് കേരള പദ്ധതിക്ക്" സമഗ്ര ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു . 12-04-2023 ലെ ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 9 (1)-ൽ പറഞ്ഞിട്ടുള്ളത് പ്രകാരം പദ്ധതിയുടെ ആദ്യ ത്രൈമാസ ഗഡുവായ 11, 61, 27, 514/-രൂപ KELTRON ന് നൽകുന്നതിന് മുൻപായി ഉപകരണങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി അഡീ.ട്രാൻസ്പോർട്ട് കമ്മീഷണർ തലവനും കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനിലെ ഒരു ഐ.ടി. വിഭാഗം വിദഗ്ധനും ശ്രീ ചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകനും ഉൾപ്പെടുന്ന സേഫ് കേരള മോണിട്ടറിംഗ് കമ്മിറ്റി 20/12/2023-ന കൂടി വിലയിരുത്തുകയും ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷർ അദ്ധ്യക്ഷൻ ആയിട്ടുള്ള സബ് കമ്മിറ്റി റിപ്പോർട്ട് ടി മോണിട്ടറിങ്ങ് കമ്മിറ്റി അദ്ധ്യക്ഷൻ മേലൊപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ കെൽട്രോണിനു ആദ്യഗഡുവായി 9,39,48,820/-രൂപ അടിയന്തരമായി അനുവദിക്കണമെന്നും ഗതാഗത കമ്മീഷണർ പരാമർശം (3) പ്രകാരം

ആവശ്യപ്പെട്ടിട്ടുണ്ട് . കൂടാതെ കെൽട്രോണിന് പദ്ധതി ചെലവിലെ ആദ്യഗഡു അനുവദിക്കേണ്ടതാണെന്ന് ബഹു .കേരള ഹൈക്കോടതി പരാമർശം (2) ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സേഫ് കേരള പദ്ധതിയിൻകീഴിൽ Fully Automated Enforcement System സംസ്ഥാനത്ത് നടപ്പിലാക്കിയതുവഴി KELTRON ന് നൽകേണ്ടുന്ന 20 ത്രൈമാസ ഗഡുക്കളിൽ ആദ്യഗഡുവായി 9,39,48,820/- രൂപ (ഒൻപത് കോടി മുപ്പത്തൊൻപത് ലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം ) KRSA യുടെ 3055-00-800-95 (NP-C) ശീർഷകത്തിൽ നിന്നും പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ അടിയന്തരമായി പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മിഷണർ ,തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മിഷണർ ,കെ .ആർ .എസ് .എ ,തിരുവനന്തപുരം
പ്രിൻസിപ്പൽ / അക്കൗണ്ടന്റ് ജനറൽ (എ &ഇ ),തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ ,എറണാകുളം
ധനകാര്യ (ഐ &പി .ഡബ്ല്യു )വകുപ്പ് (U.O(f)I&PW-A1/46/2018-FIN,dated 30-12-2023)
ഇൻഡസ്ട്രീസ് വകുപ്പ്
ഇലക്ട്രോണിക്സ് & ഐ .റ്റി വകുപ്പ്
ചെയർമാൻ &മാനേജിംഗ് ഡയറക്ടർ ,കെൽട്രോൺ ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rekha S
Date: 03-01-2024 17:17:08
സെക്ഷൻ ഓഫീസർ

പകർപ്പ് .
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഗതാഗത വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി .എ .യ്ക്ക്